K20U 3242

Reg. No.: ...............................

Name : ...................................

# I Semester B.Sc.(L.R.P.)/B.C.A./B.S.W. Degree (CBCSS – Supplementary) Examination, November 2020 (2016-2018 Admissions) COMMON COURSE IN MALAYALAM 1A07-2 MAL : Sahithyavum Vivarthanavum

Time : 3 Hours

Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ആശയങ്ങളുടെയും അർത്ഥങ്ങളുടെയും അടരുകൾ നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്ന കവിതയായി മാറുന്നു 'എന്റെ വേലി' – പ്രസ്താവന വിശകലനം ചെയ്യുക.

2) വിവർത്തകൻ ഭാഷകളെയല്ല സംസ്കാരത്തെയാണ് വിവർത്തനം ചെയ്യുന്നത്. ശരിയോ ? പരിശോധിക്കുക.

3) ഒരു യാത്രാവിവരണ കൃതി എന്ന നിലയിൽ 'ഹൈമവതഭൂവി'ലിന്റെ വ്യതിരിക്തതകൾ എന്തെല്ലാം ? പാഠ്യഭാഗത്തെ മുൻനിർത്തി വിവരിക്കുക.

4) ആധുനിക മലയാളകവിതയിലെ മൗലികവും അഗാധവുമായ ശബ്ദങ്ങളിൽ ഒന്നായിരുന്നു കക്കാടിന്റെ കവിത. 'വഴിവെട്ടുന്നവരോട്' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) ജന്മം കൊണ്ടല്ല കർമ്മം കൊണ്ടാണ് ശ്രേഷ്ഠത കൈവരിക്കേണ്ടത്. 'പറയിപെറ്റ പന്തിരുകുല'ത്തിലെ അംഗങ്ങളെ മുൻനിർത്തി ഈ പ്രസ്താവന വിശകലനം ചെയ്യുക.

6) ഭാരതീയ ഭാഷകൾ കടന്നുപോന്ന വിവർത്തനഘട്ടങ്ങൾ ഏവ ?

7) 'ഇവനെക്കൂടി സ്വീകരിക്കുക, യാറാട്ടിന്നു
വരവായിവൻ, നിരാഭരണൻ, നാദാകാരൻ – സൂചിതമെന്ത് ? അർത്ഥതലം വിശദീകരിക്കുക.

8) ഭാഷോല്പത്തിയെക്കുറിച്ചുള്ള ആറ്റൂരിന്റെ വാദങ്ങൾ എന്തെല്ലാം ?

P.T.O.

9) 'കുടിവെച്ചതിൻ ശേഷം
ജന്മഗേഹത്തെക്കാണാ-
നിടയാർക്കുമേകുന്നീ
ലുഗ്രശാസനനെന്നോ'' – വിവക്ഷിതം വ്യക്തമാക്കുക.

10) പുതുവഴി വെട്ടുന്നവർ അനുഭവിക്കേണ്ട ദുരിതങ്ങളെന്തെല്ലാമാണെന്നാണ് കക്കാട് പറയുന്നത് ? **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) പ്രത്യക്ഷവിവർത്തനവും പരോക്ഷവിവർത്തനവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?

12) എഴുത്തുകാരനെന്ന നിലയിൽ വി. ടി. ഭട്ടതിരിപ്പാടിന്റെ സംഭാവനകളെ സംഗ്രഹിക്കുക.

13) വ്യത്യസ്ത അർത്ഥങ്ങളെ ഉല്പാദിക്കുന്ന സന്ദർഭമായി വേളീമുഹൂർത്തം 'എന്റെ വേളി' എന്ന കവിതയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ ?

14) ഗുരുവിന്റെ ആദ്യത്തെ പ്രബോധസന്ദേശം എന്തായിരുന്നു ? വിശദമാക്കുക.

15) 'പല കാലം കൊണ്ടിവ താണ്ടി
പുതുവഴി നീ വെട്ടുന്നാകിൽ' – എന്തെല്ലാം നേട്ടങ്ങളാണ് കാത്തിരിക്കുന്നത് ?

16) വർണ്ണം, നിഴലു, വെളിച്ചം, നാദം
വന്നെത്താത്തൊരുതവലോകം
അട്ടിയി, ലട്ടിയി, ലിരുളിരുളിൻമേൽ
കട്ടപിടിച്ചൊരു പാതാളം – വിവക്ഷിതമെന്ത് ? **(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

17) രജനീരംഗം എന്ന ചെറുകഥാസമാഹാരത്തിന്റെ രചയിതാവാര് ?

18) ഭാരതീയ ജ്ഞാനപീഠപുരസ്കാരം ആദ്യമായി നേടിയ മലയാള കവി ?

19) ഏറ്റവും പുരാതനമായ വിവർത്തനം ഏതാണ് ?

20) 'ഇവനെക്കൂടി' എന്ന കവിതയിൽ പരാമർശിക്കപ്പെടുന്ന കവി ആര് ?

21) 'കേരളകൗമുദി' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

22) രമണൻ എന്ന കവിത ആരുടെതാണ് ?

23) നാറാണത്തുഭ്രാന്തനെക്കുറിച്ചുള്ള 'ദ റോക്ക്' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തതാരാണ് ?

24) 'സഫലമീയാത്ര' എന്ന കവിതയുടെ കർത്താവ് ? **(6×1=6)**

---